**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 376** **19-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആരംഭിച്ച സാമൂഹിക പഠനമുറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | പഠനമുറികളുടെ മേൽനോട്ടം വഹിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ വേതനവും പഠനമുറികളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ചെലവിനായുള്ള തുകയും യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ ഹോണറേറിയം, വിദ്യാർത്ഥികളുടെ ലഘുഭക്ഷണത്തിനുള്ള തുക എന്നിവ ജില്ലാ ഓഫീസുകൾ മുഖേന അനുവദിച്ചു വരുന്നുണ്ട്. സാമൂഹ്യപഠനമുറി, വിദ്യാവാഹിനി, മോഡൽ പ്രീ സ്കൂളുകളുടെ പ്രവർത്തനം, ട്യൂട്ടോറിയൽ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾക്കെല്ലാം തുക അനുവദിക്കുന്നത് ഒരു ശീർഷകത്തിൽ നിന്നുമായതിനാൽ തുക അനുവദിക്കുന്നതിൽ കാലതാമസം പരിഹരിച്ച് തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാമൂഹിക പഠനമുറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, സമ്പൂർണ്ണമായ എൻറോൾമെന്റും റിട്ടെൻഷനും ഉറപ്പാക്കി ഉയർന്ന ഗ്രേഡുകളിൽ പരീക്ഷകൾ വിജയിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും, പഠനത്തോടൊപ്പം സർഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും, കരിയർ നൈപുണ്യപരിശീലനങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ മേഖലയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള സാമൂഹിക പഠനമുറികൾ, ചില സ്ഥലങ്ങളിൽ ഫെസിലിറ്റേറ്റർമാരുടെ കൃത്യമായ ഇടപെടലുകളുടെ കുറവുകൾ മൂലം ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു |

യോഗം 11/03/2025 ൽ വിളിച്ച ചേർക്കുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1. അടുത്ത അധ്യയനവർഷാരംഭത്തിൽ എല്ലാ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകളും തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ഇന്റർവ്യൂ നടത്തി ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. കുട്ടികളെ പഠിപ്പിക്കേണ്ട വിഷയങ്ങൾ/ പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഫെസിലിറ്റേറ്റർമാർക്ക് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.
3. അടിസ്ഥാന സൗകര്യ വികസനം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സർവീസ്/ റിപ്പയർ എന്നിവ പ്രാദേശിക സർവീസ് സെന്ററുകൾ മുഖേന ട്രൈബൽ ഓഫീസർമാർ നിർവഹിക്കേണ്ടതാണ്.
4. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വിക്ടേഴ്സ്/കൈറ്റ്/മഞ്ചാടി തുടങ്ങിയ ചാനലുകളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.
5. പഠനമുറികൾ അവധിക്കാലത്തുകൂടി തുറന്ന് പ്രവർത്തിക്കേണ്ടതും 2-3 പഠനമുറികൾ ചേർന്ന് വിജ്ഞാനോത്സവം പോലെയുള്ള പരിപാടികൾ സംഘടിപ്പിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രാദേശിക പരിചയം ലഭിക്കുന്നതിന് ഉല്ലാസയാത്രകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.
6. പഠനമുറികളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്
7. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ട്രൈബൽ ഓഫീസർമാരുടെ ഒരു ഓൺലൈൻ യോഗം വിളിച്ച ചേർത്ത് പഠനമുറികളുടെ പ്രവർത്തന മേൽനോട്ടത്തിന് കർശന നിർദ്ദേശം നൽകേണ്ടതാണ്.
8. സർക്കാർ സ്കൂൾ അധ്യാപകർ/സാമൂഹിക പ്രവർത്തകർ/എൻ ജി ഒ കൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്ക് അവധി ദിവസങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ